ഉത്തരം

(എ) ടൂറിസ്റ്റുകളുടെ സുരക്ഷ മുൻനിർത്തി പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എല്ലാം തന്നെ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ തിരക്കു കൂടുതലുള്ള സമയങ്ങളിൽ ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാണ്. പ്രധാനപ്പെട്ട ബീച്ചുകളിൽ സഞ്ചാരികളുടെ സുരക്ഷ മുൻനിർത്തി ലൈഫ് ഗാർഡുകളെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ ടൂറിസ്റ്റ് ബോട്ടിൽ യാത്ര ചെയ്യുന്ന സഞ്ചാരികളുടെ സുരക്ഷിതത്വം മുൻനിർത്തി പാലിക്കേണ്ടുന്ന മുൻകരുതലുകളെക്കുറിച്ച് സി.ഡി., ബ്രോഷർ എന്നിവ പുറത്തിറക്കിയിട്ടുണ്ട്.

(ബി) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇപ്പോൾ തന്നെ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാണ്.

(സി) ബോട്ട് യാത്ര സുരക്ഷിതമാക്കുന്നതിന് ടൂറിസ്റ്റുകൾ പാലിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് സി.ഡി., ബ്രോഷർ എന്നിവ പുറത്തിറക്കുകയും അവ ഉപയോഗിച്ച് ടൂറിസ്റ്റുകളെ ബോധവൽക്കരിക്കുകയും ചെയ്ത് വരുന്നു. കൂടാതെ ബോട്ട് യാത്രകളിൽ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) നിയമിച്ചിട്ടുണ്ട്.

(ഇ) ലൈഫ്ഗാർഡുകളെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(എഫ്) ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിന് ടൂറിസം സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം നിലനിർത്തുന്നതിന് കുടുംബശ്രീ മിഷന്റെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിനോദ സഞ്ചാരകേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിലുള്ളതാക്കുന്നതിനുള്ള നടപടി

m (ജ87) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിലുള്ളതാക്കുന്നതിന് ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിനോദ സഞ്ചാര മേഖലയിൽനിന്നുള്ള വിദേശ നാണ്യ വരുമാനം കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് എത്രമാത്രം വർദ്ധനവുണ്ടായി എന്നുള്ളത് അറിയിക്കുമോ ; വാർഷിക കണക്കുകൾ 2001 മുതൽ 2010 വരെയുള്ളത് ലഭ്യമാക്കുമോ ;

(സി) 2006 മുതൽ കേരളത്തിലേക്ക് വിനോദസഞ്ചാരികളുടെ വരവിൽ വൻതോതിൽ വർദ്ധനവുണ്ടായതായി കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മുഖ്യമായി ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പദ്ധതിയിൽ വിവിധ ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുനു പുറമേ ചെറിയ ടൂറിസം പദ്ധതികൾ അടിസ്ഥാന സൗകര്യത്തിന്റെ ഭാഗമായി ഡി.റ്റി.പി.സി.-കൾ മുഖേന നടപ്പിലാക്കുന്നു. ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന വികസനം ഒരുക്കുന്നതിന് വേണ്ടിയും അവയുടെ പരിപാലനത്തിനുമായി 35 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ അതാത് എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചുകഴിഞ്ഞു. ഇതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'വഴിയോരം പദ്ധതി' നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണ പദ്ധതികൾ കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ നടപ്പാക്കിവരുന്നത് തുടരുന്നതുമാണ്. "എന്റെ ഗ്രാമം. ടൂറിസം സൗഹൃദ ഗ്രാമം" എന്ന പദ്ധതിയിൽപ്പെടുത്തി ഗ്രാമങ്ങളിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന നടപടി നടന്നുവരുന്നു. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മലബാറിലെ പ്രധാനപ്പെട്ട 20 റോഡുകളുടെ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ റോഡ് വികസന പദ്ധതികൾ നടന്നുവരുന്നുണ്ട്.

ഇതിനു പുറമേ കെ.ടി.ഡി.സി.-യുടെ കീഴിൽ ഒരു രാജ്യാന്തര മറീന കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടാപ്പം 24 മുറികളുള്ള മറീനാ ഹൗസ് എന്ന ആഡംബര റിസോർട്ടും നിർമ്മിച്ചിട്ടുണ്ട്. കെ.ടി.ഡി.സി.-യുടെ പ്രമുഖ ഹോട്ടലുകളായ കുമരകം വാട്ടർ സ്കേപ്സ്. മൂന്നാർ ടീ കൗണ്ടി, കോവളം സമുദ്ര, തിരുവനന്തപുരം മസ്കറ്റ് ഹോട്ടൽ. പൊൻമുടിയിലെ ഗോൾഡൻ പീക്ക് എന്നിവയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി നവീകരിച്ചിട്ടുണ്ട്. പറശ്ശിനിക്കടവ്, തിരുനെല്ലി. നിലമ്പൂർ, കൊണ്ടോട്ടി, മണ്ണാർക്കാട്, കാലടി, ഗുരുവായൂർ എന്നിവിടങ്ങളിൽ ടാമറിന്റ് ബ്രാന്റിലുള്ള ഹോട്ടലുകളും സുൽത്താൻ ബത്തേരിയിൽ പെപ്പർഗ്രോവ് എന്ന പേരിലുള്ള ഒരു ഹോട്ടലും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വിദേശ നാണ്യ വരുമാനം കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് വലിയ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. 2001 മുതൽ 2009 വരെയുള്ള താഴെകൊടുത്തിരിക്കുന്ന കണക്കുകൾ ഇത് വ്യക്തമാക്കുന്നു.

വർഷം	വിദേശനാണ്യ വരുമാനം (കോടി രൂപയിൽ)
2001	535.00
2002	705.67
2003	983.37
2004	1266.77
2005	1552.31
2006	988.40
2007	2640.94
2008	3066.52
2009	2853.16
2010	ശേഖരിച്ചുവരുന്നതേയുള്ളൂ

(സി) ഉണ്ട്. കേരളത്തിലെത്തിയ ആഭ്യന്തര-വിദേശ സഞ്ചാരികളുടെ 2006 മുതലുള്ള കണക്കുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

വർഷം	വിദേശ സഞ്ചാരികളുടെ എണ്ണം	ആഭ്യന്തര സഞ്ചാരികളുടെ എണ്ണം
2006	4,28,534	62,71,724
2007	5,15,808	66,42,941
2008	5,98,929	75,91,250
2009	5,57,258	79,13,537
2010	വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ	

LIBRARY ARCHIVES Kerala Legislative Assembly